മുൻസിഫ്-മജിസ്ട്രേറ്റ് നിയമനം

66 [841] ശ്രീ. ടി. പി. എം. സാഹിർ :

,, കളത്തിൽ അബ്ദുള്ള:

,, പി. കെ. കെ. ബാവ :

,, പി. കെ. അബ്ദുറബ്ബ് :

,, സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻസിഫ് - മജിസ്ട്രേറ്റ് നിയമനത്തിൽ സുപ്രീംകോടതി വിധി പ്രസ്താവിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ആ വിധിയുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) നിയമനങ്ങൾ സുപ്രീം കോടതി സ്റ്റേ ചെയ്തിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സുപ്രീം കോടതി വിധിയുടെ പ്രസക്ത ഭാഗം താഴെ ചേർക്കുന്നു.

".....learned Counsel appearing for the contesting respondents have stated before this Court that in the event of W.A. being allowed and the appointment of their clients being quashed they will not claim any equity on the ground that they have joined service. This statement should in our opinion protect the interest of the petitioner".

(സി) സ്റ്റേ ഒഴിവാക്കിയിട്ടുണ്ട്.

പുതിയ മജിസ്ട്രേറ്റ് കോടതികൾ

67 [842] ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയതായി മജിസ്ട്രേറ്റ് കോടതികളോ, മജിസ്ട്രേറ്റ് കം. സിവിൽ കോടതികളോ ആരംഭിക്കുവാനുള്ള നിർദ്ദേശം പരിഗണനയിൽ ഉണ്ടോ ;

(ബി) ഇത് സംബന്ധിച്ച് ഹൈക്കോടതി സമർപ്പിച്ച പ്രയോറിറ്റി ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ ലിസ്റ്റ് ലഭ്യമാക്കുമോ ;

(സി) ശ്രീകണ്ഠപുരം കേന്ദ്രമായി ഒരു മജിസ്ട്രേറ്റ് കോടതി ആരംഭിക്കണമെന്ന നിർദ്ദേശം പരിഗണിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഹൈക്കോടതി സമർപ്പിച്ച പ്രയോറിറ്റി ലിസ്റ്റ് അംഗീകരിച്ചുകൊണ്ട് സർക്കാർ പുറപ്പെടുവിച്ച 26-7-2004 തീയതിയിലെ ജി.ഒ. (ആർ റ്റി.) 1642/2004/ആഭ്യന്തരം നമ്പർ ഉത്തരവ് അനുബന്ധമായി ചേർക്കുന്നു. †

(സി) ശ്രീകണ്ഠപുരത്ത് മജിസ്ട്രേറ്റ് കോടതി പ്രയോറിറ്റി ലിസ്റ്റിൽ 11-ാമത്തെ ഐറ്റമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

പീരുമേട്ടിൽ ഫയർ സ്റ്റേഷൻ

68 [843] ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട്ടിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികൾ പൂർത്തീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ബി) ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം കൈമാറുന്നതിന് എന്തെല്ലാം നടപടികൾ പൂർത്തീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(സി) പീരുമേട്ടിൽ അടിയന്തിരമായി ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിന് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുവാനും വാഹനങ്ങളും മറ്റ് ഉപകരണങ്ങളും വാങ്ങുവാനും നടപടി സ്വീകരിക്കുമോ;

(ഡി) പീരുമേട്ടിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നത് സംബന്ധിച്ച ഏതെല്ലാം ഉത്തരവുകൾ പുറപ്പെടുവിച്ചുവെന്ന് വെളിപ്പെടുത്തുമോ; അവയുടെ കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പുതിയതായി തുറക്കാനുദ്ദേശിക്കുന്ന ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകളുടെ മുൻഗണനാ ലിസ്റ്റിൽ പീരുമേട് കൂടി ഉൾപ്പെടുത്തി ഉത്തരവായിട്ടുണ്ട്.

(ബി) പീരുമേട് താലൂക്കിലെ പീരുമേട് വില്ലേജിലെ സർവ്വെ നമ്പർ 176/185 പാർട്ട് 186 പാർട്ടിൽ ഉള്ള 30 സെന്റ് സ്ഥലം ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് വകുപ്പിന് കൈമാറുന്നതിനുള്ള നിർദ്ദേശം ഇടുക്കി ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്.

(സി) ഗ്രാമ പഞ്ചായത്ത് താൽക്കാലികമായി കെട്ടിടം, ഗ്യാരേജ് മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ സൗജന്യമായി ഏർപ്പെടുത്തിത്തരുന്ന മുറയ്ക്ക് അല്ലെങ്കിൽ സ്വന്തം കെട്ടിടം പണിതീരുന്ന മുറയ്ക്ക്, ഭരണാനുമതി നൽകുന്നത് സംബന്ധിച്ച നിർദ്ദേശം പരിഗണിക്കാവുന്നതാണ്.

(ഡി) മുൻഗണനാപ്പട്ടികയിൽ പീരുമേട് ഉൾപ്പെടുത്തി സർക്കാർ ഉത്തരവ് (ആർ ടി.) നമ്പർ 2797/2004/ആഭ്യന്തരം തീയതി 18-12-2004. പകർപ്പ് അടക്കം ചെയ്യുന്നു. †

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly